"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയിൽ ഒരു ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ), ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ കരാർ അടിസ്ഥാനത്തിൽ മൂന്നു വർഷത്തേക്ക് സൃഷ്ടിക്കുന്നതിന് - അനുമതി നല്കി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.2/2025/F&P തീയതി,തിരുവനന്തപുരം, 07-02-2025

---

പരാമർശം:-

1. 09-10-2017-ാം തീയതിയിലെ സ.ഉ.(കൈ)നം.19/2017/മ.തു.വ
2. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എം.ഡി & സി.ഇ.ഒ. യുടെ 14-02-2023-ാം തീയതിയിലെ MIPSL/10/Est-PC/2018/618 നം. കത്ത്
3. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എം.ഡി & സി.ഇ.ഒ. യുടെ 31-10-2023-ാം തീയതിയിലെ MIPSL/10/Est-PC/2018/2023/731 നം. അർദ്ധ ഔദ്യോഗിക കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖ വികസനത്തിനായി പരാമർശം 1 പ്രകാരം "അഴീക്കൽ പോർട്ട് ലിമിറ്റഡ്" എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ പേര് "മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്" (MIPSL) എന്ന് പുനർനാമകരണം ചെയ്തിരുന്നു.

2. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ 8-ാമത്തെ ഡയറക്ടർ ബോർഡ് യോഗത്തിൽ പദ്ധതിക്കായുള്ള ക്വാറികളെ കണ്ടെത്തൽ, പ്രാദേശിക അനുമതികൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കണ്ണൂരിൽ ഒരു പ്രോജക്ട് ഓഫീസ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ ഹെഡ്ക്വാർട്ടേഴ്സിൽ രണ്ട് എഞ്ചിനീയർ, ഒരു കമ്പനി സെക്രട്ടറി, രണ്ട് അസിസ്റ്റന്റ് എന്നിവർ അടങ്ങുന്ന നാമമാത്രമായ ജീവനക്കാർ മാത്രമേ ഉള്ളൂ എന്നതിനാൽ പ്രസ്തുത ബോർഡ് യോഗത്തിൽ കമ്പനിയുടെ കണ്ണൂരിലെ പ്രോജക്റ്റ് ഓഫീസിലേക്ക് ഒരു ഡെപ്യൂട്ടി മാനേജർ, ഒരു ഫിനാൻഷ്യൽ അസിസ്റ്റൻ്റ് തസ്തികകൾ കരാർ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തേക്ക് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിൽ ഒരു ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ), ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ 52,670/- രൂപ, 31,970/- രൂപ എന്ന ക്രമത്തിൽ കരാറടിസ്ഥാനത്തിൽ മൂന്നു വർഷത്തേക്ക് സൃഷ്ടിക്കണമെന്ന ശിപാർശയോടെ മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എം.ഡി. & സി.ഇ.ഒ പരാമർശം 2 പരാമർശം 3 കത്തുകൾ പ്രകാരം പ്രപ്പോസൽ

സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയിൽ ഒരു ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ), ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ യഥാക്രമം 52,670/- രൂപ, 31,970/- രൂപ consolidated pay ആയി നിശ്ചയിച്ച് കരാറടിസ്ഥാനത്തിൽ മൂന്നു വർഷത്തേക്ക് സൃഷ്ടിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

4. പ്രസ്തുത നിയമനം കേരളാ പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (05-02-2025-ാം തീയതിയിലെ ഇനം. നം. 2688 തീരുമാനം പ്രകാരം)
ധനകാര്യ വകുപ്പ് (18-12-2024-ാം തീയതിയിലെ 2382143/PU-B3/30/2023-FIN പ്രകാരം)
വെബ് & ന്യൂ മീഡിയ, 82 (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 07-02-2025 17:31:03
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തുറമുഖ സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-02-2025

ഫയൽ നം. ഇ1/38/2023/മതുവ. ഇനം നം: 2688

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയിൽ ഒരു ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ), ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ 52,670/- രൂപ, 31,970/- രൂപ എന്ന ക്രമത്തിൽ കരാറടിസ്ഥാനത്തിൽ 3 വർഷത്തേക്ക് സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : നിയമനം കേരളാ പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന നടത്തേണ്ടതാണെന്ന ഭേദഗതിയോടു കൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ഇ 1/38/2023/മതുവ |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് |
| 3 | വിഷയം | മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡ് – മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയിൽ ഒരു ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ), ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ 52,670/- രൂപ 31,970/- രൂപ എന്ന ക്രമത്തിൽ കരാറടി സ്ഥാനത്തിൽ 3 വർഷത്തേക്ക് സൃഷ്ടിക്കുന്നതിന് അനുമതി നല്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14-01-2025 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ഗിരിജ കുമാരി. ജി. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. കെ.എസ്.ശ്രീനിവാസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 24-01-2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04-02-2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി.എൻ.വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീക രിച്ച തീയതി | 04-02-2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 04-02-2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

മന്ത്രിസഭാ യോഗത്തിലേയ്ക്കുള്ള കുറിപ്പ്

മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയിൽ ഒരു ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ), ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ 52,670/- രൂപ 31,970/- രൂപ എന്ന ക്രമത്തിൽ കരാറടിസ്ഥാനത്തിൽ 3 വർഷത്തേക്ക് സൃഷ്ടിക്കുന്നതിന് അനുമതി നല്കുന്ന വിഷയം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പുകൾ.

2. മലബാർ മേഖലയിലെ ചരക്ക് നീക്കത്തിന് അടിസ്ഥാനമാകുന്ന തരത്തിൽ വികസന സാധ്യതയുള്ള ഇടത്തരം തുറമുഖങ്ങളിൽ പ്രധാനപ്പെട്ട തുറമുഖമാണ് കണ്ണൂർ ജില്ലയിലെ അഴീക്കൽ. അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖ വികസനത്തിനായി 09-10-2017-ലെ സ.ഉ.(കൈ)നം.19/2017/മ.ശു.വ പ്രകാരം "അഴീക്കൽ പോർട്ട് ലിമിറ്റഡ്" എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. ടി കമ്പനിയുടെ പേര് "മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്" (MIPSL) എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി.

3. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിൽ ഒരു ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ), ഒരു ഫിനാൻഷ്യൽ അസിസ്റ്റൻറ് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനായി MIPSL എം.ഡി. & സി.ഇ.ഒ അഭ്യർത്ഥിച്ചിരുന്നു. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന്റെ 7-ാമത്തെ ഡയറക്ടർ ബോർഡിന്റെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ) തസ്തികയ്ക്ക് 52,670/- രൂപയും ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയ്ക്ക് 31,970/- രൂപയും consolidated pay ആയി അനുവദിക്കുന്നതിനും ശുപാർശ ചെയ്തിരുന്നു.

4. ഈ വിഷയത്തിൽ, ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു :

*"Administrative Department is informed that if there is a requirement of a Project Office at Azhikkal, redeployment of staff at hand may be considered. Further post creation is possible only after Malabar International Port generates their own income."*

5. ഇതിനെ തുടർന്ന് മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എം.ഡി. & സി.ഇ.ഒ. വീണ്ടും സമർപ്പിച്ച റിപ്പോർട്ടിൽ 12-09-2023 ന് ചേർന്ന കമ്പനിയുടെ 8-ാമത്തെ ഡയറക്ടർ ബോർഡ് യോഗത്തിൽ പദ്ധതിയ്ക്കായുള്ള ക്വാറികൾ കണ്ടെത്തൽ, പ്രാദേശിക അനുമതികൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കണ്ണൂരിൽ ഒരു പ്രോജക്ട് ഓഫീസ് രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ ഹെഡ്ക്വാർട്ടേഴ്സിൽ രണ്ട് എഞ്ചിനീയർ, ഒരു കമ്പനി സെക്രട്ടറി, രണ്ട് അസിസ്റ്റന്റ് എന്നീ ജീവനക്കാർ മാത്രമേ ഉള്ളൂ എന്നും അതിനാൽ കമ്പനിയുടെ കണ്ണൂരിലെ പ്രൊജക്റ്റ് ഓഫീസിലേക്ക് ഒരു

ഡെപ്യൂട്ടി മാനേജർ, ഒരു ഫിനാൻഷ്യൽ അസിസ്റ്റൻറ് തസ്തികയും കരാർ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തേക്ക് അനുവദിക്കുവാൻ തീരുമാനിക്കുകയും, ഈ വിഷയം സർക്കാർ ഇതിനകം മൂന്ന് തവണ നിരസിച്ചതിനാൽ; കമ്പനിക്ക് പ്രോജക്ട് ഓഫീസ് ആരംഭിക്കുവാൻ കഴിഞ്ഞില്ല എന്നും 12-09-2023 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 8-ാമത് ബോർഡ് യോഗത്തിൽ, ഈ വിഷയം വീണ്ടും പരിഗണിക്കുകയും മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് പ്രോജക്ട് ബഹു. മുഖ്യമന്ത്രിയുടെ എട്ട് മുൻഗണനാ പദ്ധതികളിൽ ഉൾപ്പെട്ട ഒരു പ്രോജക്ട് ആയതിനാൽ ഒരു തവണ കൂടെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ എം.ഡി & സി.ഇ.ഒ. അഭ്യർത്ഥിച്ചതിനെത്തുടർന്ന് വീണ്ടും ധനകാര്യവകുപ്പിന്റെ ആഭിപ്രായം ആരായുകയുണ്ടായി.

6. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട് .

'Finance' agrees to create one post each of Deputy Manager (Technical) and Financial Assistant with consolidated pay of Rs. 52,670/- and Rs. 31,970/- respectively subject to the approval of Cabinet.

'This has the approval of Hon'ble Minister (Finance)'.

7. ഫയൽ ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിൽ ഒരു ഡെപ്യൂട്ടി മാനേജർ (ടെക്നിക്കൽ), ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ 52,670/- രൂപ 31,970/- രൂപ എന്ന ക്രമത്തിൽ കരാറടിസ്ഥാനത്തിൽ മൂന്നു വർഷത്തേക്ക് സൃഷ്ടിക്കുന്നതിന് അനുമതി നല്കാമോ?